**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **01-02-2024 - ൽ മറുപടിയ്ക്ക്**

**പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രപ്പോസലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിലെ എത്ര സർക്കാർ വിദ്യാലയങ്ങൾ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വൈ.കെ) പദ്ധതി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇവയിൽ ഏതെല്ലാം സ്കൂളുകളുടെ പ്രൊപ്പോസലുകളാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പി.എം.ജെ.വൈ.കെ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ 30 സർക്കാർ വിദ്യാലയങ്ങളിൽ നിന്നും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ പ്പെട്ട ചുവടെ പരാമർശിക്കുന്ന 6 സ്കൂളുകളുടെ പ്രൊപ്പോസലുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പി.എം.ജെ.വി.കെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>1.Construction of building for Govt.<br><br>Manavedan HSS, Nilambur Municipality, Malappuram<br><br>2.Construction of Library Building at Mylady in Nilambur Block, Chaliyar GP<br><br>3.Construction of Boys Hostel Building at Mylady in Nilambur Block, Chaliyar GP<br><br>4.Construction of Building for BUDS School in Ayiroor, Perumpadappu GP<br><br>5.Construction of Building for Govt. LPS Valamangalam, Pulpatta GP<br><br>6.**Infrastructure Development of GHSS Ponmundam** |
| (ബി) | പി.എം.ജെ.വൈ.കെ. പദ്ധതിയിലേക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; സബ് ജില്ലാ, ജില്ലാ, സംസ്ഥാന വിദ്യാഭ്യാസ ഓഫീസുകൾ വഴി നടപടിക്രമങ്ങൾ | (ബി) | പി.എം.ജെ.വി.കെ പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് നിർദ്ദേശിക്ക പ്പെട്ടിട്ടുള്ള സെക്ടറുകൾക്ക് പ്രാധാന്യം നൽകി ബ്ലോക്ക്/ജില്ല തലങ്ങളിൽ തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ ജില്ലാതല കമ്മിറ്റികളുടെ അംഗീകാര ത്തോടെ |

| | | | |
|---|---|---|---|
| | പാലിച്ച് വരുന്ന പ്രൊപ്പോസലുകൾ വിദ്യാഭ്യാസ വകുപ്പിന് പി.എം.ജെ.വൈ.കെ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിലേക്ക് നേരിട്ട് സമർപ്പിക്കുന്നതിന് സാധിക്കുമോ; സാധിക്കുന്നതല്ലായെങ്കിൽ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നൽകുന്ന പ്രൊപ്പോസലുകൾ എപ്രകാരമാണ് പി.എം.ജെ.വൈ.കെ. പദ്ധതിയിലേക്ക് സമർപ്പിക്കുകയെന്നും അറിയിക്കാമോ; | | ബന്ധപ്പെട്ട വകുപ്പുകളുടെ ശുപാർശ സഹിതം പദ്ധതിയുടെ അനിവാര്യത ബോധ്യപ്പെടുത്തിക്കൊണ്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സംസ്ഥാനതല കമ്മിറ്റിയുടെ പരിഗണന യ്ക്കായി സമർപ്പിക്കാവുന്നതാണ്. കൂടാതെ പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ച് സബ്ജില്ല, ജില്ല, സംസ്ഥാന വിദ്യാഭ്യാസ ഓഫീസുകൾ വഴി പ്രപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ ശുപാർശ സഹിതം നേരിട്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖാന്തിരവും സേറ്റ് ലെവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കാവുന്നതാണ്. |
| (സി) | സംസ്ഥാനത്ത് പി.എം.ജെ.വൈ.കെ. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച സ്കൂളുകളുടെ പേരും അപേക്ഷിച്ച തുകയും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; ജില്ലാ ലെവൽ കമ്മിറ്റി മുഖേന മാത്രമേ പ്രൊപ്പോസലുകൾ സ്റ്റേറ്റ് ലെവൽ കമ്മറ്റിക്ക് നൽകാൻ കഴിയു എന്ന നിബന്ധന പി.എം.ജെ.വൈ.കെ. പദ്ധതിയുടെ ബൈ ലോ -യിൽ ഉണ്ടോ എന്നറിയിക്കാമോ; ജില്ലാ ലെവൽ കമ്മിറ്റികളിൽ പ്രൊപ്പോസലുകളുടെ മുൻഗണന നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് പി.എം.ജെ.വി.കെ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെപരിഗണനയ്ക്കായി സമർപ്പിച്ച സ്കൂളുകളുടെ പേരും അപേക്ഷിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. ജില്ലാ ലെവൽ കമ്മിറ്റി മുഖേനയും വിവിധ വകുപ്പുകൾക്ക് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നേരിട്ടും പദ്ധതിയിൽ പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. ജില്ലാതലത്തിൽ പ്രൊപ്പോസലു കളുടെ മുൻഗണന നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ലഭ്യമല്ല. |
| (ഡി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവ: മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രൊപ്പോസൽ പി.എം.ജെ.വൈ.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം സമർപ്പിച്ച പ്രസ്തുത സ്കൂളിന്റെ പ്രൊപ്പോസൽ പി.എം.ജെ.വൈ.കെ. യിലേക്ക് പരിഗണിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; ആയത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തിന്റെ പകർപ്പ് അനുവദിക്കാമോ; | (ഡി) | നിലമ്പൂർ ഗവൺമെന്റ് മാനവേദൻ ഹയർ സെക്കന്ററി സ്കൂളിന്റെ പ്രൊപ്പോസൽ പി.എം.ജെ.വി.കെ പദ്ധതിയിലുൾപ്പെടുത്തി 25.08.2023 ന് സംസ്ഥാനതല സമിതിയിൽ പരിഗണിച്ചെങ്കിലും പദ്ധതിയുടെ കോസ്റ്റ് സംബന്ധിച്ച് പരിശോധന വേളയിൽ അവ്യക്തതയുണ്ടാകുകയും ആയത് പരിഹരിച്ച് പുനഃസമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ വിദ്യാഭ്യാസം, ഗ്രാമവികസനം, ന്യൂനക്ഷേമം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾക്ക് കീഴിലുള്ള പ്രവൃത്തികൾക്ക് പി.എം.ജെ.വൈ.കെ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമം/അനുപാതം എപ്രകാരമാണെന്ന് അറിയിക്കാമോ; വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നൽകുന്ന സ്കൂളുകളുടെ പ്രപ്പോസലുകൾക്ക് മുൻഗണന ലഭിക്കാറുണ്ടോ; വിശദമാക്കാമോ? | (ഇ) | **80 ശതമാനം പദ്ധതികളും മുൻഗണന നൽകേണ്ട മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യവികസനം, കായികം, കുടിവെള്ളം, ശുചിത്വം, സോളാർ എനർജി, ദുരന്തനിവാരണം എന്നീ മേഖലകളിൽ നിന്നുള്ളവയായി രിക്കണം എന്നും 33 മുതൽ 40 ശതമാനം വരെ വനിത/പെൺകുട്ടികൾക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളായിരി ക്കണമെന്നും PMJVK യുടെ മാർഗ്ഗ നിർദ്ദേശത്തിൽ പറഞ്ഞിട്ടുണ്ട്; എന്നാൽ ഇവയോരോന്നിന്റെയും അനുപാതം പരാമർശിക്കപ്പെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| SL. No | Name of School | District | Cost (Rs .In Lakh) |
|---|---|---|---|
| 1 | Construction of building for Govt. Manavedan HSS, Nilambur Municipality, Malappuram | Malappuram | 617.61 |
| 2 | Construction of Library Building at Mylady in Nilambur Block, Chaliyar GP | Malappuram | 1500.00 |
| 3 | Construction of Boys Hostel Building at Mylady in Nilambur Block, Chaliyar GP | Malappuram | 1850.00 |
| 4 | Construction of New building for Govt.LPS, Panavoor | Thiruvananthapuram | 232.76 |
| 5 | Construction of New Building for Buds School at Aralummoodu | Thiruvananthapuram | 320.00 |
| 6 | Rehabilitation Centre of Vocational Training for Mentally and Physically Challenged persons, Perumkadavila Block Panchayat | Thiruvananthapuram | 250.00 |
| 7 | Construction of New building for New LPS Chathankary | Pathanamthitta | 287 |
| 8 | Construction of Smart Anganwadi Building in ward 7, ward 4, ward 11, ward 15 in Kanjikuzhy GP | Alappuzha | 100 |
| 9 | Construction of new building at Govt. UP school, Valavoor | kottayam | 147 |
| 10 | 27 smart class room in 8 Government Schools,Adimaly Block | Idukki | 115.91 |
| 11 | Construction of Building for BUDS School in Ayiroor, Perumpadappu GP | Malappuram | 68.00 |
| 12 | Construction of class rooms and dining room at GWLPS Kavunthara,Naduvannur GP | Kozhikkode | 123.00 |
| 13 | Construction of lab for GHSS Padinjarathara | Wayanad | 180.2 |
| 14 | Construction of Building for Govt. LPS Valamangalam, Pulpatta GP | Malappuram | 128.7 |
| 15 | Construction of new building for Govt. High School, Nellikkurussi in Lakkidi Perur Grama Panchayat. | Palakkad | 300 |

| | | | |
|---|---|---|---|
| 16 | Construction of new building for Mannancherry HS | Alappuzha | 143.25 |
| 17 | Construction of Class room for GLPS Varathur, Kannadikkal | Kozhikkode | 100 |
| 18 | Construction of Building For GHS Perkkallur | Wayanad | 540.8 |
| 19 | Construction of 10 class room building in CHMKSGVHSS,Kottapuram in Neeleshwaram | Kasargod | 525 |
| 20 | Construction of school building (12 class room)in GWLPS,KADINHIMOOLA in Neeleshwaram | Kasargod | 380 |

T.V.N[illegible]

സെക്ഷൻ ഓഫീസർ